# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4367 — 22.07.2015 ൽ മറുപടിക്ക്

## ഡെപ്യൂട്ടി കളക്ടർമാരുടെ ഐ.എ.എസ്.

ചോദ്യം : ശ്രീ. എൻ.എ.നെല്ലിക്കുന്ന്

ഉത്തരം : ശ്രീ.ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഡെപ്യൂട്ടി കളക്ടർമാർക്ക ഐ.എ.എസ്. പ്രൊമോഷൻ നൽകി വന്നിരുന്ന നിയമത്തിലോ വ്യവസ്ഥകളിലോ എന്തെങ്കിലും ഭേദഗതി വന്നിട്ടുണ്ടോ; | (എ) ഉണ്ട്. ഐ.എ.എസ്. പ്രൊമോഷന് പരിഗണിക്കുന്ന ഡെപ്യൂട്ടി കളക്ടർമാരുടെ പരമാവധി പ്രായം 2015 ലെ സെലക്റ്റ് ലിസ്റ്റ് (2016 ൽ പ്രൊമോഷന് പരിഗണിക്കുന്നത്) മുതൽ നിലവിലുള്ള 54 വയസ്സിൽ നിന്നും 56 വയസ്സായി കേന്ദ്ര പേഴ്സണൽ മന്ത്രാലയം ഉയർത്തിയിട്ടുണ്ട്. |
| (ബി) ഇല്ലെങ്കിൽ 2014 ൽ ഐ.എ.എസ് പ്രൊമോഷനു അർഹരായ ഡെപ്യൂട്ടി കളക്ടർമാർക്ക അവസരം നിഷേധിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;<br><br>(സി) നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിലെ പിന്നാക്ക വിഭാഗക്കാരായ നാലു സീനിയർ ഡെപ്യൂട്ടി കളക്ടർമാരുടെ പേര് കേന്ദ്ര സർക്കാരിൽ DOPT ക്ക എപ്പോൾ സമർപ്പിക്കാൻ കഴിയും;<br><br>(ഡി) നിലവിൽ പ്രൊമോഷൻ വഴി നികത്തേണ്ട ഐ.എ.എസ് പോസ്റ്റുകൾ ഉണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്ക അർഹതയുണ്ടായിട്ടും പ്രൊമോഷൻ വൈകിപ്പിക്കുന്നത് എന്തുകൊണ്ടാണ്? | (ബി),(സി)&(ഡി) ഐ.എ.എസ്. സ്ഥാനക്കയറ്റത്തിനുള്ള 2014 സെലക്ഷൻ വർഷത്തിലെ 'ഫീൽഡ് ഓഫ് ചോയിസിൽ' ഉൾപ്പെട്ടിട്ടുള്ളത് ശ്രീ. കെ.വി.മുരളീധരൻ എന്ന ഡെപ്യൂട്ടി കളക്ടർ മാത്രമാണ്. ടിയാൾക്കെതിരെയുള്ള അച്ചടക്കനടപടിയുടെ ഭാഗമായുള്ള ശിക്ഷയുടെ കാലാവധി 21.07.2015-ൽ മാത്രമേ അവസാനിക്കുകയുള്ളൂ. അർഹതയുള്ള യാതൊരു ഡെപ്യൂട്ടി കളക്ടറുടെയും ഐ.എ.എസ്. സ്ഥാനക്കയറ്റത്തിനുള്ള അവസരം നിഷേധിച്ചിട്ടില്ല. ഒരാൾ സർവ്വീസിൽ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നീട് പ്രൊമോഷൻ നൽകുന്നതിന് കേരളത്തിൽ പിന്നാക്കമാണോ മുന്നാക്കമാണോ എന്നു പ്രത്യേകമായി പരിഗണിക്കാറില്ല. അച്ചടക്ക നടപടികളുടെ സാധുതാകാലയളവ് പൂർത്തീകരിച്ചു കഴിഞ്ഞതും 8 വർഷത്തെ ഡെപ്യൂട്ടി കളക്ടർ സേവന പരിചയവും തൻവർഷം 54 വയസ്സ് പൂർത്തീകരിക്കാത്തതുമായ അർഹതപ്പെട്ടവർ ഇല്ലാതിരുന്നതിനാലാണ് ഈ കാലയളവിൽ ഐ.എ.എസ്. പ്രൊമോഷനായി ആരെയും പരിഗണിക്കാതിരുന്നത്. നിലവിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസിൽ നിന്നും സ്ഥാനക്കയറ്റം വഴി നികത്തേണ്ട നിരവധി ഐ.എ.എസ്. ഒഴിവുകൾ ഉണ്ടെങ്കിലും അർഹരായ ഉദ്യോഗസ്ഥരുടെ അഭാവം മൂലമാണ് ആയത് നികത്താൻ സാധിക്കാത്തത്. നിലവിലുള്ള ഡെപ്യൂട്ടി കളക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും 01.01.2015-ൽ ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ 8 വർഷത്തെ സേവനം പൂർത്തിയാക്കിയവരും 2015 സെലക്ഷൻ വർഷത്തിൽ ഐ.എ.എസ്. ലഭിക്കാൻ അർഹതയുള്ളതുമായ പിന്നാക്ക വിഭാഗത്തിൽപ്പെട്ടത് ഉൾപ്പെടെയുള്ള എല്ലാ ഡെപ്യൂട്ടി കളക്ടർമാരുടെയും സ്ഥാനക്കയറ്റത്തിനുള്ള ശുപാർശ മാനദണ്ഡങ്ങൾക്കനുസൃതമായി സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ